**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2153 11.02.2020-ൽ മറുപടിക്ക്**

# നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഹൗസ് സർജൻമാരുടെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. ആൻസലൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഹൗസ് സർജൻമാരെ നിയമിക്കണം എന്ന സ്ഥലം എം.എൽ.എ യുടെ നിവേദനത്തിന്മേൽ എന്തുനടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | (എ) ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ഇതു സംബന്ധിച്ച ശിപാർശ സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (ബി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഹൗസ് സർജൻമാരെ നിയമിക്കണമെങ്കിൽ ഏതൊക്കെ തരത്തിലുള്ള സൗകര്യങ്ങൾ ആണ് വേണ്ടതെന്ന് വ്യക്തമാക്കാമോ; | (ബി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി എല്ലാ വിഭാഗങ്ങളിലും അടിസ്ഥാന സൗകര്യ വികസനം ഉണ്ടായിരിക്കണം. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) പുതുതായി ഹൗസ് സർജൻമാരെ നിയമിക്കുന്നതിന് ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ നിബന്ധനകൾ വിശദമാക്കാമോ? | (സി) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന് പുതുതായി ഹൗസ് സർജന്മാരെ നിയമിക്കുന്നതിന് നിബന്ധനകൾ ഒന്നും നിലവിലില്ല എന്ന വിവരം അറിയിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

## Instructions to be followed by the CRRI Instructions

1) MCI അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ CRRI ചെയ്യുന്നതിന് എല്ലാ വിഭാഗങ്ങളിലും പ്രവർത്തനസജ്ജമായിരിക്കണം. ആവശ്യത്തിനുള്ള ജീവനക്കാർ, ഐ.സി.യു എന്നിവ ഉണ്ടായിരിക്കണം. ഇതിൽ ഏതെങ്കിലും ഒരു ഡിപ്പാർട്ട്മെന്റ് ഇല്ലാതെ വന്നാൽ MCI അംഗീകരിച്ചിട്ടുള്ള മറ്റ് സ്ഥാപനവുമായി MOU ഒപ്പുവയ്ക്കേണ്ടതാണ്.
2) O & G ഇല്ലാത്ത ആശുപത്രികളാണെങ്കിൽ അടുത്തുള്ള W & C ഹോസ്പിറ്റലുമായി MOU ഏർപ്പെടുകയും അതിൻപ്രകാരം ഡ്യൂട്ടി ക്രമീകരിച്ച് നൽകേണ്ട ചുമതല ജനറൽ ആശുപത്രി സൂപ്രണ്ടിന്റെ ഉത്തരവാദിത്വമാണ്. മേൽ ഡ്യൂട്ടി ക്രമീകരിച്ച് നൽകുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ ഉത്തരവ് ആവശ്യമില്ല.
3) കമ്മ്യൂണിറ്റി മെഡിസിൻ ചെയ്യുന്നതിന് MCI അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ സൂപ്രണ്ട് അതത് ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവർ PHC/CHC എന്നിവിടങ്ങളിൽ ഒഴിവുകളുടെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാർത്ഥികളെ നിയമിക്കാവുന്നതാണ്. ഇപ്രകാരം നിയമിക്കുന്നതിന് മേലധികാരികളിൽ നിന്നുള്ള ഉത്തരവ് ഒഴിവാക്കാവുന്നതാണ്.
4) MCI അംഗീകരിച്ചിട്ടുള്ള സ്ഥാപന മേധാവികൾ ഡ്യൂട്ടി ക്രമീകരിക്കുന്നതിനുള്ള അധികാരവും CRRI പൂർത്തീകരിക്കുന്ന മുറക്ക് പൂർത്തീകരണ സർട്ടിഫിക്കറ്റ് MCI രൂപീകരിച്ചിട്ടുള്ള MCI കമ്മിറ്റി ഒപ്പിട്ടു നൽകുകയും ചെയ്യണം.
5) MCI അംഗീകരിച്ചിട്ടുള്ള സീറ്റുകളുടെ എണ്ണത്തിൽ മാത്രമേ വിദ്യാർത്ഥികളെ നിയമിക്കാവൂ.
6) MCI അംഗീകൃത സ്ഥാപന മേധാവികളുടെ അനുവാദമില്ലാതെ W&C, PHC/CHC എന്നിവിടങ്ങളിൽ പ്രത്യേക നിയമനം പാടില്ല.
7) MCI അംഗീകരിച്ചിട്ടുള്ള ഓരോ സ്ഥാപനങ്ങൾക്കും പേരന്റ് ഇൻസ്റ്റിറ്റ്യൂഷൻ+W&C+കമ്മ്യൂണിറ്റി മെഡിസിൻ എന്നീ വിഭാഗങ്ങളിലും കൂടിയുള്ള സീറ്റുകളാണ് ഉള്ളത്.

8) CRRI പ്രോഗ്രം ചെയ്യുന്നുണ്ടോ എന്ന് വിലയിരുത്തേണ്ട ഉത്തരവാദിത്തം സ്ഥാപന മേധാവികൾക്കാണ്.

9) അനുവദിച്ചതിൽ കൂടുതൽ ഹൗസ് സർജൻമാരെ നിയമിക്കണമെങ്കിൽ MCI യുടേയോ സർക്കാരിന്റെയോ മുൻകൂർ അനുമതി വേണം. അനുവാദമില്ലാതെ കൂടുതൽ നിയമിക്കുകയാണെങ്കിൽ MCI രജിസ്ട്രേഷൻ നൽകുകയില്ല. മാത്രമല്ല CRRI അനുവദിച്ചിട്ടുള്ള സീറ്റുകളിൽ ഹൗസ് സർജൻസി ചെയ്യേണ്ടതാണ്.

10) MCI നിർദ്ദേശിച്ചിട്ടുള്ള ഡ്യൂട്ടി സമയം പാലിക്കേണ്ടതാണ്. (8 a.m – 8 p.m day duty, 8 pm-8 am night duty). ആവശ്യത്തിനുള്ള ഡ്യൂട്ടിറൂം ഉണ്ടായിരിക്കേണ്ടതാണ്. ഡ്യൂട്ടിറൂം ഇല്ലാത്ത സാഹചര്യത്തിൽ രാത്രികാലജോലികളിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

11) അത്യാവശ്യ ടെലഫോൺ കോളുകൾ അറ്റൻഡ് ചെയ്യുന്നതിനായി സ്ഥാപനത്തിന് അടുത്ത് തന്നെ താമസസൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

സെക്ഷൻ ഓഫീസർ